**<u>മേലെഴുത്ത് നം. D1/47983/2018/DCE തീയതി 22.07.2019</u>**

സർക്കാർ ഉത്തരവ് കൊല്ലം/കോട്ടയം/എറണാകുളം/കോഴിക്കോട്/തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർമാരുടെ അറിവിലേക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു.

Approval Valid

Digitally Approved By
ഡോ.ഡി.കെ സതീഷ്
Date: 22.07.2019
Reason: Approved

ഒപ്പ് /-
ഡോ.ഡി.കെ സതീഷ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1) എ സെക്ഷൻ ,ബി സെക്ഷൻ ,ജനറൽ സെക്ഷൻ
2) ഡി 2, ഡി 3,ഡി 4, ഡി 5,ഡി 6 സീറ്റുകൾ
3 )വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന് .

DIRECTORATE OF COLLEGIATE
21 JUN 2019
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് – കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (സാധാ.)നം.963/2019/ഉ.വി.വ തീയതി, തിരുവനന്തപുരം, 14.06.2019

---

പരാമർശം - കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 5/3/2019 ലെ ഡി1//47983/2018/കോ.വി.വ. നമ്പർ കത്ത്

**ഉത്തരവ്**

കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അതിഥി അദ്ധ്യാപകർക്ക് ലഭിക്കുന്നത് വളരെ തുച്ഛമായ പ്രതിഫലമാണെന്നും ആയതിനാൽ ടി അദ്ധ്യാപകർക്ക് ആ ദിവസങ്ങളിൽ യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി ശമ്പളം അനുവദിച്ചു നൽകണമെന്നുമുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു.

2. മൂല്യ നിർണ്ണയം അദ്ധ്യാപനത്തിന്റെ ഭാഗം തന്നെയാണെങ്കിലും അതിഥി അദ്ധ്യാപകർക്ക് ലഭിക്കുന്ന പ്രതിഫലം വളരെ തുച്ഛമായതിനാൽ മൂല്യ നിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അതിഥി അദ്ധ്യാപകർക്ക് ആ ദിവസങ്ങളിൽ യൂണിവേഴ്സിറ്റി നൽകുന്ന ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂല്യ നിർണ്ണയത്തിനുള്ള പ്രതിഫലം ഒഴിവാക്കി പകരം ശമ്പളം അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൽ.കുശലകുമാരി
അണ്ടർ സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) രജിസ്ട്രാർ, കേരള/മഹാത്മാ ഗാന്ധി/കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാല
3) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്
4) www.Higher Education.kerala.gov.in
5) കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ